ഉളുകയുണ്ടായി:

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേർസ് അസോസിയേഷൻ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച W.P.(C)No.34210/2024-നമ്പർ ഹർജിന്മേലുള്ള 28.02.2025-ലെ നമ്പർ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1327/2025/LSGD തീയതി,തിരുവനന്തപുരം, 29-05-2025

പരാമർശം:- 1) കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേർസ് അസോസിയേഷൻ 16.08.2024-ന് സമർപ്പിച്ച നിവേദനം.(Ext P2)

2) ബഹു.കേരള ഹൈക്കോടതിയുടെ W.P.(C)No.34210/2024-നമ്പർ കേസിൻമേലുള്ള 28.02.2025-ലെ വിധിന്യായം.

ഉത്തരവ്

കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേർസ് അസോസിയേഷൻ അംഗങ്ങളുടെ ആഭിമുഖ്യത്തിൽ സർക്കാരിനുവേണ്ടി എം.എൽ.എ./എ.ഡി.എസ്. പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് സമയബന്ധിതമായി ബിൽ തുക മാറി നൽകുന്നില്ലായെന്ന് പരാതിപ്പെട്ടുകൊണ്ട് കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേർസ് അസോസിയേഷൻ ബഹു.ഹൈക്കോടതി മുൻപാകെ W.P.(C)No.34210/2024-നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായം പ്രകാരം പരാമർശം (1) പ്രകാരമുള്ള നിവേദനം (Exhibit-P2) 3-ാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഹർജിക്കാരെ നേരിൽ കേട്ട് 60 ദിവസത്തിനുള്ളിൽ ഉചിതമായ തീരുമാനം സ്വീകരിക്കണമെന്നും വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

2) ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഹർജിക്കാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 08.04.2025-ന് നേരിൽ കേൾക്കുകയും ഉന്നതതല ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ വിപുലമായ ഒരു വകുപ്പുതല യോഗം ചേർന്ന് തീരുമാനമെടുക്കുന്നതാണ് ഉചിതമെന്ന തീരുമാനം ഐകകണ്ഠ്യേന കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23.04.2025-ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ധനകാര്യ വകുപ്പ് പ്രതിനിധികൾ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ജില്ലാ കളക്ടർമാർ / പ്രതിനിധികൾ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ പ്രതിനിധീകരിച്ചു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലയുടെ ചുമതല വഹിക്കുന്ന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / പ്രതിനിധികൾ, കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ്, അക്രെഡിറ്റഡ് ഏജൻസികളുടെ പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ ഒരു ഓൺലൈൻ യോഗം ചേരുകയുംചെയ്തു. ടി യോഗത്തിൽ ബഹു. കോടതിനിർദേശം പാലിക്കുന്നത്

സംബന്ധിച്ചുള്ള ബന്ധപ്പെട്ട വിഷയങ്ങൾ താഴെ കൊടുത്തിട്ടുള്ളത് പ്രകാരം ചർച്ച നടത്തി തീരുമാനം കൈക്കൊള്ളുകയുണ്ടായി .

3) എം.എൽ.എ./എ.ഡി.എസ്. പ്രവൃത്തികൾക്കുള്ള ബില്ലുകൾ കൃത്യസമയത്തു ബില്ല് മാറി നൽകുന്നില്ലായെന്നും, അക്രെഡിറ്റഡ് ഏജൻസികൾ പരിശോധിച്ച് സമർപ്പിക്കുന്ന ബില്ലുകളിൽ അതാത് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വീണ്ടും പരിശോധന നടത്തി ബില്ലുകൾ മടക്കി അയക്കുന്നുവെന്നും, അതിനാൽ കോൺട്രാക്ടർമാർക്ക് യഥാസമയം തുക ലഭിക്കുന്നില്ലായെന്നും 9 മാസം മുതൽ 1.5 വർഷം വരെ ബില്ലുകൾ പാസ്സാക്കി ലഭിക്കുന്നതിന് കാലതാമസം വരുന്നതായും അതിനാൽ ബില്ലുകൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയതിനാൽ ഇത്തരം വിഷയങ്ങൾ ഉണ്ടാകാതിരിക്കാൻ ബില്ലുകൾ സമർപ്പിക്കുന്ന തീയതിമുതൽ നിശ്ചിത തീയതിക്കുമുൻപായി ടി ബില്ലിന്മേൽ നടപടി സ്വീകരിക്കണമെന്നും ബില്ലുകളിൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ അക്രെഡിറ്റഡ് ഏജൻസികൾക്ക് കത്ത് നൽകുന്നതിനോടൊപ്പം തങ്ങളെയും അറിയിച്ചാൽ ടി അപാകത പരിഹരിക്കുന്നതിന് വളരെ വേഗത്തിൽ നടപടി സ്വീകരിക്കാമെന്നും കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടർസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

2) കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേർസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ഉന്നയിച്ച കാലതാമസം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിവരങ്ങൾ ആരായുകയും അക്രെഡിറ്റഡ് ഏജൻസികൾ സമർപ്പിക്കുന്ന ബില്ലുകളിൽ ആവശ്യമായ രേഖകൾ ഇല്ലാത്തതിനാലാണ് യഥാസമയം നടപടി സ്വീകരിക്കുവാൻ കഴിയാത്തതെന്നും കാലതാമസം സംബന്ധിച്ച വിഷയം അടിയന്തരമായി പരിശോധിക്കുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാകുന്ന ബില്ലുകൾ യഥാസമയം പ്രോസസ് ചെയ്ത് തുക ലഭ്യമാകുന്ന മുറക്ക് അനുവദിക്കാറുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ പ്രതിനിധീകരിച്ച് പങ്കെടുത്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കുകയും അതോടൊപ്പം നിലവിൽ എം.എൽ.എ./എ.ഡി.എസ്. പ്രവൃത്തികൾക്കുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് അതാത് ജില്ലാ കളക്ടർമാരാണെന്നും ഓരോ ജില്ലാ കളക്ടർമാരും പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവുകൾക്ക് ഏകീകൃത സ്വഭാവം ഇല്ലെന്നും എം.എൽ.എ./എ.ഡി.എസ്. പ്രവൃത്തികൾക്കുള്ള ത്രികക്ഷി കരാറിൽ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമലിൽ പൂർണ്ണമായും ഉത്തരവാദിത്വം വരത്തക്ക രീതിയിലാണ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതെന്നും എം.എൽ.എ./എ.ഡി.എസ്. പ്രവൃത്തികൾക്കുവരുന്ന വീഴ്ച, അതിനെത്തുടർന്നുണ്ടാകുന്ന ആരോപണങ്ങൾ, വിജിലൻസ് കേസുകൾ ഉൾപ്പടെ എല്ലാ കാര്യങ്ങൾക്കും ബാധ്യത എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമലിൽ വരും എന്നതിനാൽ അക്രെഡിറ്റഡ് ഏജൻസികൾ സമർപ്പിക്കുന്ന ബില്ലുകളിൽ അവശ്യരേഖകളുടെ അഭാവം മൂലം (Essential documents) സൂക്ഷ്മ പരിശോധന ആവശ്യമായി വരുന്നതിനാലാണ് കാലതാമസം വരുന്നതെന്നും ബില്ല് സമർപ്പിക്കുന്ന വേളയിൽ കണ്ടെത്തുന്ന വീഴ്ചകൾ സംബന്ധിച്ച് അക്രെഡിറ്റഡ് ഏജൻസികളോട് വിശദീകരണം ആവശ്യപ്പെട്ടാലും ആയതിന് സമയബന്ധിതമായി മറുപടി ലഭ്യമാകുന്നില്ലായെന്നും അറിയിക്കുകയുണ്ടായി.

4) ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവുകൾക്ക് ഏകീകൃത സ്വഭാവം ഇല്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ച സാഹചര്യത്തിൽ ഭരണാനുമതി പുറപ്പെടുവിക്കാനുള്ള ഏകീകൃത സ്വഭാവത്തോടെയുള്ള ഒരു മാതൃക തദ്ദേശസ്വയംഭരണ

വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. അപ്രകാരം ഒരു മാതൃക തദ്ദേശസ്വയംഭരണ അക്രെഡിറ്റഡ് ഏജൻസികൾ നടത്തുന്ന പ്രവൃത്തികളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന-എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ബില്ലുകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സമയപരിധിയും ചെക്ക് ലിസ്റ്റും ഉൾപ്പെടുത്തണമെന്നും 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന-എന്ന ഉത്തരവിൽ അക്രെഡിറ്റഡ് ഏജൻസികളുടെ ബാധ്യത സംബന്ധിച്ച വ്യക്തമാക്കിയിട്ടുണ്ടെന്നും കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

5) മേൽപ്രകാരം കോൺട്രാക്ടർമാർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ വകുപ്പുതലത്തിൽ പരിശോധിച്ച് ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനം കൈക്കൊള്ളുകയുണ്ടായി :

1. 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന-എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർതലത്തിൽ ഏകീകൃത സ്വഭാവമുള്ള ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഒരു മാതൃക തയാറാക്കി എല്ലാ ജില്ലാ കളക്ടർമാർക്കും നൽകേണ്ടതാണ്;
2. തദ്ദേശസ്വയംഭരണ വകുപ്പ് ഓഫീസുകളിൽ ലഭ്യമാകുന്ന എല്ലാ ബില്ലുകളിലും പ്രാഥമിക അന്വേഷണം നടത്തി 15 ദിവസത്തിനുള്ളതിൽ ടി ബില്ലുകളിൽ വരുത്തേണ്ട മാറ്റം അല്ലെങ്കിൽ ടി ബില്ലിൽ ചേർക്കേണ്ട രേഖ സംബന്ധിച്ച അക്രെഡിറ്റഡ് ഏജൻസികൾക്കു അറിയിപ്പ് നൽകുന്നതിനോടൊപ്പം കോൺട്രാക്ടർമാരെ ഫോൺ/ ഇ-മെയിൽ എന്നിവ മുഖേന അറിയിക്കേണ്ടതാണ്;
3. അപാകതകൾ പൂർത്തിയാക്കി ലഭ്യമാകുന്ന എല്ലാ ബില്ലുകളിന്മേലും 30 മുതൽ 40 ദിവസങ്ങൾക്കുള്ളിൽ അതാത് ഓഫീസുകളിൽ നടപടികൾ തീർപ്പാകേണ്ടതാണ്.
4. നിലവിൽ കാലതാമസം വന്നിട്ടുള്ള എല്ലാ ബില്ലുകളും മോണിറ്റർ ചെയ്യേണ്ടതും 3 മാസത്തിനുള്ളിൽ പരമാവധി തീർപ്പാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൈക്കൊള്ളേണ്ടതും കഴിയുന്നതും ഫണ്ട് ലഭ്യതപ്രകാരം തുക മാറാനുള്ള പെന്റിങ് ബില്ലുകൾ ഏപ്രിൽ മാസം തന്നെ സമർപ്പിക്കാൻ സത്വരം നടപടികൾ എടുക്കുകയും വേണമെന്ന് നിർദ്ദേശിച്ചു.

6) ബഹു.ഹൈക്കോടതിയുടെ 28.02.2025-ലെ W.P.(C)No.34210/2024-നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്രകാരം സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം തീരുമാനം കൈക്കൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു :

1. Work/Purchase/Contract bills (Receipt, Scrutiny and Payment എന്നിവയുമായി ബന്ധപ്പെട്ട് S.O.P. (Standard Operating Procedure) മാതൃക തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.
2. M.L.A.- A.D.S.-ഫണ്ടുകളുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവുകളുടെ ഘടന ഏകീകരിക്കുന്നതിനായി ടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച ഒരു മാതൃക തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സർക്കാരിൽ

ലഭ്യമാക്കേണ്ടതാണ്.

7) സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അടിയന്തരമായി ലഭ്യമാക്കുന്ന മുറക്ക് Work/Purchase/Contract bills (Receipt, Scrutiny and Payment എന്നിവയുമായി ബന്ധപ്പെട്ട S.O.P. (Standard Operating Procedure)-യുടെയും, M.L.A.- A.D.S.- ഫണ്ടുകളുമായി ബന്ധപ്പെട്ട ഭരണാനുമതി ഉത്തരവുകളുടെ ഘടന സംബന്ധിച്ച മാതൃകകൾ സർക്കാർ ബന്ധപ്പെട്ട അധികാരികൾക്ക് നൽകുന്നതായിരിക്കുമെന്ന വ്യവസ്ഥയോടെ 23.04.2025-ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിലെ 2 മുതൽ 4 വരെയുള്ള തീരുമാനങ്ങളിന്മേൽ അടിയന്തര നടപടി സ്വീകരിക്കാനും റിപ്പോർട്ട് നൽകാനും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി, പരാമർശം (2) പ്രകാരമുള്ള വിധിന്യായം പാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രസിഡന്റ്, കേരള പി.എം.സി. ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് അസോസിയേഷൻ, മേരി വില്ല ബിൽഡിംഗ്, പടിഞ്ഞാറേ ഓതറ പി.ഓ., തിരുവല്ല. -689551.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:2678656/NC-B3/26/2024-Fin dated 19.05.2025)

കരുതൽ ഫയൽ. (DB2/213/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 29-05-2025 17:29:04